## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4490 25/10/2016-ൽ മറുപടിക്ക്

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്ന വൈദ്യുതി ഉല്പാദനം

| | ചോദ്യം<br><br>**ശ്രീ.മോൻസ് ജോസഫ്** | | ഉത്തരം<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്; ഇത് ഏതെല്ലാം പദ്ധതികളിലൂടെയാണ് ലക്ഷ്യമിടുന്നത് ; | (എ) & (ബി) | 13- ാം പഞ്ചവത്സര പദ്ധതി (2017-2022) തയ്യാറാക്കി വരുന്നു. നിലവിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളും (106 മെഗാവാട്ട്) നിർമ്മാണം നടന്നു വരുന്ന 6 ജലവൈദ്യുത പദ്ധതികളും (59 മെഗാവാട്ട്) സ്ഥലമേറ്റെടുത്ത് നടന്നു വരുന്നു. 14 ജലവൈദ്യുത പദ്ധതികളുടെ (149 മൊഗാവാട്ട്) നിർമ്മാണം 13- ാം പഞ്ചവത്സര പദ്ധതിയിലാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതികളുടെ ലിസ്റ്റും അവയുടെ പുരോഗതിയും അനുബന്ധം (1)ആയി ചേർത്തിരിക്കുന്നു. മറ്റു സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധം (2)-ൽ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത പദ്ധതികൾ പര്യാപ്തമല്ലായെങ്കിൽ പാരമ്പര്യ ഊർജ്ജ പദ്ധതികൾക്ക് ലക്ഷ്യമിടുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | പാരമ്പര്യ ഊർജ്ജ പദ്ധതികളായ സംഭരണശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ, താപനിലയങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ പരിശോധിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുമോദനം ... ... ... മാണ്